**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2125** **12-09-2023 - ൽ മറുപടിയ്ക്ക്**

**വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിലെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം (പി.എം.ജെ.വി.കെ) പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി നിർദേശങ്ങൾ സമർപ്പിക്കേണ്ടത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (എ) | പി.എം.ജെ.വി.കെ പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി വഖഫ് ബോർഡ് മുഖേനയും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ തദ്ദേശ സ്ഥാപനങ്ങൾ വഴിയും നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം വഖഫ് ഭൂമിയിൽ നിർമ്മിച്ച സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലന ചെലവുകളും വഹിക്കേണ്ടത് ആരാണെന്ന് നാഷണൽ വഖഫ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 20.06.2018-ൽ സംസ്ഥാന വഖഫ് ബോർഡ് ചെയർമാന് അയച്ച NAWADCO/PMJVK/7(26)/2018/4002 നമ്പർ കത്തിൽ നിർദേശിച്ചിരുന്നോ; ഈ നിർദേശം ഇപ്പോഴും നിലവിലുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നാഷണൽ വഖഫ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ 20.06.2018-ൽ സംസ്ഥാന വഖഫ് ബോർഡ് ചെയർമാന് അയച്ച NAWADCO/PMJVK/7(26)/2018/4002 നമ്പർ കത്തിൽ പി.എം.ജെ.വി.കെ പ്രകാരമുള്ള പദ്ധതി പ്രകാരം നിർമ്മാണപ്രവൃത്തി പൂർത്തീകരിച്ച പ്രോജക്ടുകളുടെ നടത്തിപ്പും ആവർത്തന ചെലവുകളും വഖഫ് ബോർഡ് അല്ലെങ്കിൽ സംസ്ഥാന സർക്കാർ നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ വഖഫ് ഭൂമിയിൽ നിർമ്മിച്ച സ്ഥാപനങ്ങളുടെ നടത്തിപ്പും പരിപാലന ചെലവുകളും 2022-23 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽ വന്ന പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിട്ടായിരിക്കും. |
| (സി) | പി.എം.ജെ.വി.കെ യുടെ 2022-23 വർഷത്തെ പുതുക്കിയ ഗൈഡ് ലൈൻ പ്രകാരം അദ്ധ്യായം 2 പ്ലാനിംഗ്, അപ്രൈസൽ ഓഫ് അപ്രൂവൽ- 2.4 ആയി ചേർത്തിട്ടുള്ള ലാന്റ് ഫോർ കൺസ്ട്രക്ഷൻ ഓഫ് ദി പ്രോജക്ട് എന്ന ശീർഷകത്തിൽ 2.4.1 ൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലോ വഖഫ് ഭൂമിയിലോ നിർമ്മാണം അനുവദനീയമാണ് എന്ന് ചേർത്തിട്ടുണ്ടോ; ഇതേ ശീർഷകത്തിലെ 2.4.4 ൽ ഒഴിഞ്ഞു കിടക്കുന്നതും ബാധ്യതകളിൽ നിന്ന് മുക്തവും റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതുമായ | (സി) | പി.എം.ജെ.വി.കെ യുടെ 2022-23 വർഷത്തെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ അദ്ധ്യായം 2- ലെ പ്ലാനിംഗ്, അപ്രൈസൽ ഓഫ് അപ്രൂവൽ- 2.4 ആയി ചേർത്തിട്ടുള്ള ലാന്റ് ഫോർ കൺസ്ട്രക്ഷൻ ഓഫ് ദി പ്രോജക്ട് എന്ന ശീർഷകത്തിൽ 2.4.1 ൽ പഞ്ചായത്ത്/ഗ്രാമസഭാ ഭൂമി/വഖഫ് ഭൂമി തുടങ്ങിയവ ഉൾപ്പെടെ സംസ്ഥാന സർക്കാരുകൾ/യുടി അഡ്മിനിസ്ട്രേഷനുകൾ/കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രോജക്ടുകളുടെ നിർമ്മാണം അനുവദനീയമാണെന്ന് ചേർത്തിട്ടുണ്ട്. കൂടാതെ, |

| | | | |
|---|---|---|---|
| | വഖഫ് ഭൂമികളിൽ മാത്രമേ പദ്ധതിക്ക് അംഗീകാരം ലഭിക്കൂ എന്ന പരാമർശമുണ്ടോ; വിശദമാക്കാമോ; | | ഒഴിഞ്ഞുകിടക്കുന്നതും എല്ലാ ബാധ്യതകളിൽ നിന്നും മുക്തവും റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതുമായ വഖഫ് ഭൂമിയിൽ ഉൾപ്പെട്ട പ്രോജക്ടുകൾക്കു മാത്രമേ അംഗീകാരം നൽകുവെന്ന് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലെ 2.4.4-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വഖഫ് ഭൂമിയിൽ പദ്ധതി നടപ്പാക്കുന്നതിന് വഖഫ് ബോർഡ് അനുമതി നിർബന്ധമാണ്. പദ്ധതികൾ സംസ്ഥാനതല സമിതി അംഗീകരിക്കേണ്ടതുമുണ്ട്. |
| (ഡി) | ഇതേ ശീർഷകത്തിലെ 2.4.5 ൽ പദ്ധതിയുടെ ആവർത്തന പരിപാലന ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഉറപ്പാക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; കൂടാതെ 2.4.6 ൽ പദ്ധതിക്കുള്ള ഭൂമി തങ്ങളുടെ കൈവശമാണെന്ന സ്ഥിരീകരണത്തിനു ശേഷമേ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഫണ്ടിന്റെ ആദ്യ ഗഡു അനുവദിക്കുകയുള്ളൂ എന്നും പരാമർശമുണ്ടോ; വിശദമാക്കാമോ? | (ഡി) | പി.എം.ജെ.വി.കെ പദ്ധതി ചെലവിന്റെ 60% കേന്ദ്രവും 40% സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. പദ്ധതിയുടെ ആവർത്തന പരിപാലന ചെലവ് സംസ്ഥാന സർക്കാർ വഹിക്കുമെന്ന് ഉറപ്പാക്കണമെന്ന് പരാമർശിച്ചിട്ടുണ്ട്. കൂടാതെ എല്ലാവിധ കൈയ്യേറ്റ/ബാധ്യതകളിൽ നിന്നും മുക്തമായ പദ്ധതിക്കുള്ള ഭൂമി തങ്ങളുടെ കൈവശമാണെന്ന് സ്ഥിരീകരണത്തിന് ശേഷമാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ഫണ്ടിന്റെ ആദ്യഗഡു അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ